**പതിമൂന്നാം കേരളനിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.124 — 06.01.2014 ന് മറുപടിയ്ക്ക്.

**പുലിനഖങ്ങൾ കടത്തിയവർക്കെതിരെ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനം, പരിസ്ഥിതി, ഗതാഗതം, കായികം, സിനിമ, വകുപ്പമന്ത്രി) |
| (എ) ആയിരത്തോളം പുലിനഖങ്ങളുമായി ഗുരുവായൂരിൽ പിടികൂടപ്പെട്ടവരേയും കുറ്റകൃത്യത്തിന് പിന്നിൽ പ്രവർത്തിച്ചവരേയും സംബന്ധിച്ച അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; | (എ) പുലിനഖങ്ങളുമായി ഗുരുവായൂരിൽനിന്നും പിടികൂടിയ 3 പ്രതികളെ അറസ്റ്റ് ചെയ്ത് 04.12.2013-ന് ബഹു. ചാവക്കാട് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ ഹാജരാക്കുകയും, ബഹു. കോടതി പ്രതികളെ 14 ദിവസത്തേക്ക് റിമാന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. തുടർ അന്വേഷണം നടന്നു വരുന്നു. പിടിച്ചെടുത്തത് പുലിനഖങ്ങളാണോ എന്ന് സ്ഥിരീകരിക്കുന്നതിനായി സാമ്പിളുകൾ ഹൈദരാബാദിലുള്ള സെന്റർ ഫോർ സെല്ലുലാർ ആന്റ് മോളിക്യുലാർ ബയോളജി എന്ന സ്ഥാപനത്തിലും തിരുവനന്തപുരത്തെ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോ ടെക്നോളജി എന്ന സ്ഥാപനത്തിലും ഫോറൻസിക് പരിശോധനയ്ക്കായി അയച്ചു കൊടുത്തിട്ടുണ്ട്. |
| (ബി) വനമേഖലയിൽ നിന്നും എത്ര പുലികളെ കൊന്നൊടുക്കി ശേഖരിക്കപ്പെട്ട നഖങ്ങളാണ് കണ്ടെടുക്കപ്പെട്ടിരിക്കുന്നത് ; | (ബി) യും (സി) യും - എവിടെ നിന്നാണ് കൊന്നൊടുക്കിയതെന്നോ, ശേഖരിച്ചതെന്നോ എന്ന നിഗമനത്തിലെത്താനുള്ള തെളിവുകളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല. |
| (സി) പിടിച്ചെടുക്കപ്പെട്ട പുലിനഖങ്ങൾ എവിയെ നിന്നെല്ലാം ശേഖരിക്കപ്പെട്ടവയാണെന്ന് വെളിവായിട്ടുണ്ടോ ; | |
| (ഡി) വനമേഖലയിൽ നിന്നും കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ എത്ര പുലികൾ കൊല ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ; | (ഡി) വിവരം ശേഖരിച്ചു വരുന്നു. |
| (ഇ) പുലിവേട്ട നടത്തിയ സംഘങ്ങളിൽപ്പെട്ട എത്ര പേരെ ഇനിയും അറസ്റ്റ് ചെയ്യാനുണ്ടെന്ന് അറിയിക്കുമോ ? | (ഇ) വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.